പോസ്റ്റര് - ഉപന്യാസ മത്സരം:  അവസാന തിയതി 2015 March 20

കേരള സംസ്ഥാന സിവില് സപ്ലൈസ് കോര്പ്പറേഷന്  **‘ശുചിത്വം നിത്യജീവിതത്തില്’** എന്ന വിഷയത്തില്  പോസ്റ്റര് രചനാ മത്സരവും **‘വ്യത്തിയും വെടിപ്പും വികസനത്തിന്’’** എന്ന വിഷയത്തില്  ഉപന്യാസ രചനാ മത്സരവും നടത്തുന്നു. 12 മുതല് 18 വരെ വയസ്സുവരെയുള്ള സ്കൂള് വിദ്യാര്ത്ഥികള്ക്ക് ഉപന്യാസരചനാ മത്സരത്തില് പങ്കെടുക്കാം.  സംസ്ഥാനത്തെ പൊതു ജനങ്ങള്ക്കായി  നടത്തുന്ന പോസ്റ്റര്രചനാ മത്സരത്തിന് പ്രായപരിധി ഇല്ല.  എന്ട്രികള് സപ്ലൈകോ ഹെഡ് ഓഫീസ്, മാവേലി ഭവന്ഗാന്ധി നഗര്, കടവന്ത്ര, കൊച്ചി എന്ന വിലാസത്തില് 2015 March 20 വൈകിട്ട് 5-ന് മുമ്പ് ലഭിക്കണം.  കൂടുതല് വിവരങ്ങള്ക്ക് www.supplycokerala.com.  മത്സര വിജയികള്ക്ക് ഒന്നാം സ്ഥാനം -5000 രൂപ, രണ്ടാം സ്ഥാനം -3000 രൂപ, മൂന്നാം സ്ഥാനം – 2000 രൂപ  എന്നീ ക്രമത്തില് നല്കുന്നതാണ്

**പോസ്റ്റര് രചനാ മത്സരത്തില് പങ്കെടുക്കുന്നവര്ക്കുള്ള നിര്ദ്ദേശങ്ങള്**

കേരള സംസ്ഥാന സിവില് സപ്ലൈസ് കോര്പ്പറേഷന് **‘ശുചിത്വം നിത്യജീവിതത്തില്’** എന്ന മുദ്രാവാക്യം ഉയര്ത്തി പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരം സംഘടിപ്പിക്കുന്നത്. ഇതിലൂടെ കുടുംബത്തിനും സമൂഹത്തിനും ശുചിത്വത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവത്കരിക്കുന്നതിനും ശുചിത്വം ഒരു ശീലമാകുന്നതിനും ലക്ഷയ്മിടുന്നു.

1. കേരള**ത്തിലെ** പൊതു ജനങ്ങള്ക്ക് ഈ മത്സരത്തില് പങ്കെടുക്കാവുന്നതാണ്.
2. ഒരാള്ക്ക് ഒരു എന്ട്രി മത്സരത്തിനായി സമര്പ്പിക്കാവുന്നതാണ്.
3. എന്ട്രികള് എ3 പേപ്പരില് 420 mm നീളം 297 mm വീതി എന്ന അളവിലുള്ളതായിരിക്കണം.
   അളവിലുള്ള വ്യത്യാസം എന്ട്രികള് പരിഗണിക്കാതിരിക്കുന്നതിനു കാരണമാകുന്നതാണ്.
4. എന്ട്രി സ്വന്തം സൃഷ്ടിയും, വെളുത്ത (ഡ്രായിംഗ് പേപ്പറില് water colour ഉപയോഗിച്ച് വരച്ചവയായിരിക്കണം.  ഡിജിറ്റല്, ഇലക്ട്രോണിക് മീഡിയത്തില് വരച്ച് പ്രിന്റെടുത്തവ സ്വീകരിക്കുന്നതല്ല.

5. ചിത്രങ്ങള് മൗലികമായിരിക്കണം, പ്രസിദ്ധീകരണങ്ങളില് മുമ്പ് പ്രസിദ്ധീകരിച്ചവ, പ്രശസ്തരുടെ സൃഷ്ടികള് എന്നിയുപടെ പുന.സൃഷ്ടികള് സ്വീകരിക്കുന്നതല്ല.
6. വിഷയവുമായി ബന്ധമില്ലാത്ത സൃഷ്ടികള് പരിഗണിക്കുന്നതല്ല.
7. ചിത്രങ്ങളില് മറ്റുള്ളവരുടെ കാഴ്ചപ്പാടുകള്, വിശ്വാസങ്ങള് എന്നിവ വ്രണപ്പെടുത്തുന്ന രീതിയിലുള്ളവ ഒഴിവാക്കേണ്ടതാണ്.
8. ചിത്രങ്ങളില് നിയമവിരുദ്ധമായ സന്ദേശം പ്രത്യക്ഷമായോ പരോക്ഷമായോ ധ്വനിപ്പിക്കുന്നവ ഒഴിവാക്കേണ്ടതാണ്.
9. ചിത്രങ്ങള് സര്ക്കാരിന്റെയോ, സ്വകാര്യ സ്ഥാപനങ്ങളുടെയോ സ്വച്ഛ്ഭാരത് മിഷനുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ അനുകരണമോ, പകര്ത്തലുകളോ ആകാതിരിക്കാന് ശ്രദ്ധിക്കേണ്ടതാണ്.
10. സമ്മാനാര്ഹമായതോ അല്ലാത്തതോ ആയ ഒരു എന്ട്രികളും തിരികെ ലഭിക്കുന്നതല്ല.
11. സമ്മാനാര്ഹമായ എന്ട്രികള് പ്രസിദ്ധപ്പെടുത്താനുള്ള അവകാശം സപ്ലൈകോയില് നിക്ഷിപ്തമായിരിക്കണം.
12. എന്ട്രികള് സ്വീകരിക്കുന്നതിനെക്കുറിച്ചും സമ്മാനാര്ഹരെ നിശ്ചയിക്കുന്നതിനെക്കുറിച്ചും സപ്ലൈകോയുടെ തീരുമാനം അന്തിമമായിരിക്കും.
13. Identity proof തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയതോ എന്ട്രിയോടൊപ്പം അയയ്ക്കണം.

**വിദ്യാര്ത്ഥികള്ക്കായുള്ള ഉപന്യാസ രചനാ മത്സരങ്ങളില് പങ്കെടുക്കുന്നവര്ക്കുള്ള നിര്ദ്ദേശങ്ങള്**

1. വിഷയം: **'വൃത്തിയും വെടിപ്പും വികസനത്തിന്''**

2. 12 മുതല് 18 വയസ്സുവരെയുള്ള സ്കൂള്/ഹയര്സെക്കന്ററി വിദ്യാര്ത്ഥികള്ക്ക് ഈ മത്സരത്തില് പങ്കെടുക്കാം.

3. ഒരാള്ക്ക് ഒരു എന്ട്രി മത്സരത്തിനായി സമര്പ്പിക്കാം.
4. എന്ട്രി, മത്സരാര്ത്ഥി പഠിക്കുന്ന സ്കൂളിന്റെ അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.
5. എ4 പേജില് മലയാളത്തിലുള്ള എന്ട്രികള് കൈകൊണ്ടെവുതിയതോ ടൈപ്പ് ചെയ്തവയോ ആകാം.
6. എന്ട്രി സ്വന്തം സൃഷ്ടിയാണെന്നും മറ്റു പ്രസിദ്ധീകരങ്ങളില് നിന്നോ വെബ്സൈറ്റുകളില് നിന്നോ മോഷ്ടിച്ചവയല്ലെന്ന് മത്സരാര്ത്ഥി സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം.

7. വിഷയവുമായി ബന്ധമില്ലാത്ത സൃഷ്ടികള് പരിഗണിക്കുന്നതല്ല.
8. മറ്റുള്ളവരുടെ വിശ്വാസങ്ങള് വ്രണപ്പെടുത്തുന്ന രീതിയിലുള്ള പ്രസ്താവനങ്ങളും നിയമവിരുദ്ധമായ പ്രസ്താവനകളും ഉപന്യാസത്തില് ഉള്പ്പെടുത്തരുത്.
9. സമ്മാനാര്ഹമായതോ അല്ലാത്തതോ ആയ ഒരു എന്ട്രിയും തിരിച്ചക്കുന്നതല്ല.
10. നിബന്ധനകളുമായി യോജിക്കുന്നില്ലെന്ന് കണ്ടാല് എന്ട്രികള് നിരസിക്കാന് സപ്ലൈകോക്ക് അധികാരമുണ്ടായിരിക്കും.
11. എന്ട്രികള് സ്വീകരിക്കുന്നതിനെക്കുറിച്ചും സമ്മാനാര്ഹരെ നിശ്ചയിക്കുന്നതിനെക്കുറിച്ചും സപ്ലൈകോയുടെ തീരുമാനം അന്തിമമായിരിക്കും.
12. ജനനതിയതി തെളിയിക്കുന്ന സ്വയം സാക്ഷയ്പ്പെടുത്തിയ രേഖ എന്ട്രിക്കൊപ്പം അയയ്ക്കേണ്ടതാണ്

<u>വിജയികള്ക്കുള്ള ക്യാഷ് അവാര്ഡ്</u>

പോസ്റ്റര്-ഉപന്യാസ മത്സര വിജയികള്ക്ക് ഒന്നാംസ്ഥാനം 5000 രൂപ, രണ്ടാംസ്ഥാനം 3000 രൂപ, മൂന്നാംസ്ഥാനം 2000 രൂപ എന്നീക്രമത്തില് നല്കുന്നതാണ്.

എന്ട്രികള്  സപ്ലൈകോ ഹെഡ് ഓഫീസ്, ഗാന്ധി നഗര്, കടവന്ത്ര, കൊച്ചി എന്ന വിലാസത്തില് 2015 March 20 വൈകിട്ട് 5-ന് മുമ്പ് ലഭിക്കണം.